# ഖുര്‍ആനിലെ ശാസ്ത്രസൂചനകള്‍

jthrees@hotmail.com

## 5. ഭൂമി

*"..... പിന്നെ അവന്‍ ആകാശത്തിനു നേരെ തിരിഞ്ഞു. ആ ഘട്ടത്തില്‍ അത് ധൂമമായിരുന്നു. ആകാശത്തോടും ഭൂമിയോടും അവന്‍ പറഞ്ഞു: ഇഷ്ടത്തോടെ അല്ലെങ്കില്‍ നിര്‍ബന്ധിതമായി ഉണ്ടായി വരുവിന്‍. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ ആജ്ഞാനുവര്‍ത്തികളായി വന്നിരിക്കുന്നു."* (ഫുസ്സിലത്ത് 11)



സോളാര്‍സിസ്റ്റം

സോളാര്‍സിസ്റ്റത്തില്‍ ബുധന്‍, ശുക്രന്‍ എന്നിവക്കു ശേഷം സൂര്യന്റെ അടുത്ത് സ്ഥിതി ചെയ്യുന്ന ഗ്രഹമാകുന്നു നാം അധിവസിക്കുന്ന ഭൂമി. 39,874 കിലോമീറ്റര്‍ ചുറ്റളവും 12,800 കി.മി. വ്യാസവുമുള്ള ഈ ഗ്രഹം 23 മണിക്കൂറും 56 സെക്കന്‍റും കൊണ്ട് സ്വന്തം അക്ഷത്തില്‍ ഒരു തവണ കറങ്ങുന്നു. ലംബരേഖയില്‍നിന്നും 23.5 ഡിഗ്രി ചെരിഞ്ഞാണ് ഈ കറക്കം. ഈ കറക്കത്തിന്റെ ഫലമായാണ് ഭൂമിയില്‍ രാപ്പകലുകള്‍ ഉണ്ടാകുന്നത്.

ഭൂമിയെ സംബന്ധിച്ച് ഖുര്‍ആനില്‍ ഒട്ടേറെ സ്ഥലങ്ങളില്‍ പരാമര്‍ശിച്ചതായി കാണാം. ആമുഖത്തില്‍ സൂചിപ്പിച്ചതു പോലെ ഏകദൈവം മനുഷ്യവര്‍ഗത്തിന് ചെയ്തുതന്ന ഔദാര്യമായിട്ടാണ് അതില്‍ പലതും പ്രതിപാദിച്ചിട്ടുള്ളത്; ഏകദൈവം എന്ന നിലക്ക് അവന്റെ ആജ്ഞകള്‍ക്കൊത്ത് ജീവിക്കാനുള്ള ആഹ്വാനം കൂടിയാണത്.

*"ഭൂമിയെ നിങ്ങള്‍ക്ക് പരവതാനിയാക്കിത്തന്നവനാണവന്‍" (ഖുര്‍ആന്‍ 2: 22)*

*"അവന്‍ നിങ്ങള്‍ക്ക് ഭൂമിയെ ഇണക്കമുള്ളതാക്കിത്തന്നിരിക്കുന്നു. അതിനാല്‍, നിങ്ങള്‍ അതില്‍ എല്ലായിടത്തും വിഹരിക്കുകയും അതിലെ വിഭവങ്ങള്‍ ആഹരിക്കുകയും ചെയ്യുക." (അല‌മുല്‍ക് 15)*

*"ഭൂമിയിലൂടെ സഞ്ചരിച്ചുനോക്കുവിന്‍, അവന്‍ എങ്ങനെയാണ് സൃഷ്ടി തുടങ്ങിയിട്ടുള്ളതെന്ന്."* (അല്‍ അന്‍കബൂത്: 20)

### വിസ്മയകരമായ സഞ്ചാരം

മറ്റു ഗ്രഹങ്ങളെപ്പോലെ ഭൂമിയും തന്റെ ഭ്രമണപഥത്തിലൂടെ അതിവേഗം സൂര്യനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു. സൂര്യനില്‍നിന്നും ഏതാണ്ട് പതിനഞ്ച് കോടി കി.മി. അകലെയാണ് ഭൂമിയുടെ ഭ്രമണപഥം. ഈ അകലം സുനിശ്ചിതവും ദൈവനിര്‍ണയവുമാകുന്നു. അത് കവച്ചുവെക്കാന്‍ ഭൂമിക്ക് സാധ്യമല്ല. 365.3 ദിവസം കൊണ്ട് ഭൂമി അതിന്റെ കറക്കം പൂര്‍ത്തിയാക്കുന്നു. സെക്കന്‍റില്‍ 29.6 മൈല്‍ വേഗത്തിലാണ് ഈ ഓട്ടം.

സ്വന്തം അച്ചുതണ്ടിലൂടെയുള്ള ഈ കറക്കം നിമിത്തം സൂര്യനഭിമുഖമായി വരുന്ന ഭാഗത്ത് പകലും അല്ലാത്ത സ്ഥലത്ത് രാത്രിയുമായാണ് അനുഭവപ്പെടുക. ഈ ഭ്രമണം കാരണമായിത്തന്നെ ഭൂമേഖലകളുടെ മാറ്റത്തിനനുസരിച്ച് രാപ്പകലുകളുടെ ദൈര്‍ഘ്യത്തിലും മാറ്റങ്ങള്‍ കാണാം. ഭൂമിയുടെ കറക്കവും അതില്‍ സൂര്യ-ചന്ദ്രന്മാരുടെ ഭാഗധേയവുമനുസരിച്ചാണ് ഭൂമിയില്‍ കാലം കണക്കാക്കപ്പെടുന്നത്. ഖുര്‍ആന്‍ പറഞ്ഞു:

*"സൂര്യനെ ഒരു പ്രകാശമാക്കിയത് അവന്‍ (ഏകദൈവം) ആകുന്നു. ചന്ദ്രനെ അവനൊരു ശോഭയാക്കുകയും അതിന് ഘട്ടങ്ങള്‍ നിര്‍ണയിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങള്‍ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുന്നതിനു വേണ്ടി. യഥാര്‍ഥ പ്രകാരമല്ലാതെ അല്ലാഹു അതൊ*

*ന്നും സൃഷ്ടിച്ചിട്ടില്ല. മനസ്സിലാക്കുന്ന ആളുകൾക്കു വേണ്ടി അല്ലാഹു തെളിവുകൾ വിശദീകരിക്കുന്നു."* ( ഖുർആൻ 10: 5)

ഭൂമി വ്യവസ്ഥാപിതമായി സഞ്ചരിക്കാതെ സ്ഥിരമായി ഒരിടത്ത് നില്പുറപ്പിക്കുകയായിരുന്നെങ്കിൽ അതിൻെറ ഒരു വശത്ത് മാത്രം സദാ പകലും മറുവശത്ത് സദാ രാത്രിയും ആകുമായിരുന്നു. ജീവിവർഗത്തിന് വാസയോഗ്യമല്ലാത്ത അവസ്ഥയിലായിരിക്കും അപ്പോൾ ഭൂമി. ഇരുളും തണുപ്പും കാരണം ഭൂമിയുടെ ഒരുഭാഗത്ത് സസ്യങ്ങൾ മുളക്കുകയോ ജീവികളുണ്ടാവുകയോ ഇല്ല. സ്ഥിരമായി സൂര്യതാപമേല്ക്കുന്ന മറുവശം ജലശൂന്യവും ഊഷരവുമായിരിക്കും. അവിടെയും സസ്യങ്ങൾ മുളക്കുകയോ ജീവികളുണ്ടാവുകയോ ഇല്ല.

ഉയർന്നുനില്ക്കുന്ന തൂണുകളില്ലാതെ ഉയർത്തപ്പെട്ട ആകാശത്തിന് താഴെ ആരും പിടിച്ചുനിർത്താതെയാണ് സോളാർസിസ്റ്റത്തിൽ മറ്റു ഗ്രഹങ്ങളെപ്പോലെ ഭൂമിയും അന്തരീക്ഷത്തിൽ നിലനില്ക്കുന്നത്. ഈ അവസ്ഥയിൽ ഭൂമി സ്പേസിലൂടെ വളരെ വേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്നു. അത് സ്വന്തം അക്ഷത്തിൽ ഒരു തവണ കറങ്ങുമ്പോൾ മണിക്കൂറിൽ 1000 നാഴിക വേഗത്തിൽ നാമും സ്പേസിലൂടെ കറങ്ങുന്നുണ്ട്. അതേയവസരം, ഭൂമി സൂര്യനു ചുറ്റും കുതിച്ചോടുമ്പോൾ നാം 68,000 നാഴിക വേഗത്തിൽ ഭ്രമണപഥത്തിലൂടെ ഓടുന്നുണ്ട്. അതിനു പുറമെ ഗ്യാലക്സി മണിക്കൂറിൽ 500,000 ലക്ഷം മൈൽ വേഗത്തിലാണ് നക്ഷത്രാന്തര ലോകത്തിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. അതിനുപുറമെ മണിക്കൂറിൽ 43,200 മൈൽ വേഗത്തിൽ തൻെറ ഗ്രഹങ്ങളെയും വഹിച്ചു സൂര്യൻ ഹെർക്കുലീസ് നക്ഷത്രലോകത്തിന് നേരെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഈ സഞ്ചാരത്തിൽ ഏതെങ്കിലും വിധത്തിലുള്ള തകരാറുകൾ ഭൂമിക്ക് സംഭവിച്ചിക്കുന്നില്ല. ലക്ഷക്കണക്കിന് വർഷങ്ങളായി ഈ സഞ്ചാരം തുടർന്നുകൊണ്ടിരിക്കുന്നു.

ഭൂമിയുടെ ഭ്രമണത്തെക്കുറിച്ച് ആധികാരികമായി അഭിപ്രായപ്രകടനം നടത്തിയത് അറബിശാസ്ത്രജ്ഞനായ അൽബിറൂന i(973-105 എ.ഡി) യാണ്. ഭൂമി അതിൻെറ അച്ചുതണ്ടിൽ കറങ്ങുന്നുണ്ടെന്ന് അദ്ദേഹം സ്ഥിരീകരിച്ചു. ഭൂമിയാണ് പ്രപഞ്ചത്തിൻെറ കേന്ദ്രമെന്ന അന്ന് നിലവിലുണ്ടായിരുന്ന ടോളമിയൻ തത്വത്തെയും അദ്ദേഹം തൻെറ ഗ്രന്ഥത്തിൽ തുറന്നെതിർക്കുകയുണ്ടായി. ഭൂമി ഒരു ഗോളമാണെന്ന് യൂറോപ്പ്യന്മാർ സ്ഥിരീകരിക്കുന്നതും മനസ്സിലാകുന്നതും പിന്നെയും ഒരു നൂറ്റാണ്ടിനു ശേഷമാണ്.

സൂര്യനിൽനിന്ന് പ്രത്യേക അകലത്തിലാണ് ഭൂഗോളം സ്ഥിതി ചെയ്യുന്നത്. ജീവജാലങ്ങളുടെ നിലനില്പിനു വേണ്ടിയാണ് സ്രഷ്ടാവ് ഈ അകലത്തിൽ പ്രത്യേക കണിശത നിശ്ചയിച്ചത്. ഈ അകലം കൂടിയിരുന്നെങ്കിൽ ആവശ്യമായ ചൂട് ലഭിക്കാതെയാവുകയും തണുപ്പ് അധികരിക്കുകയും ചെയ്യുമായിരുന്നു. അപ്പോൾ ഭൂമി ഏറെ പ്രയാസകരമായ ജീവിതമേഖലയാകും. അതേയവസരം അകലം ചുരുങ്ങുകയാണെങ്കിൽ ചൂട് കൂടുകയും ജീവൻ നിലനില്ക്കാനാകാത്തവിധം ഭൂമിയുടെ ഘടന മാറുകയും ചെയ്യും.

അനന്തമായ അന്തരീക്ഷത്തിൽ തൂങ്ങിക്കിടക്കുന്ന ഈ മഹാഗോളത്തിൻെറ ബാഹ്യതലത്തിലും അന്തർഭാഗത്തും പല പ്രതിപ്രവർത്തനങ്ങളും സംഭവിക്കുന്നുണ്ട്. അതിൻെറ ഉള്ളിൽ വൻ അഗ്നിപർവതങ്ങൾ തിളച്ചുമറിഞ്ഞുകൊണ്ടിരിക്കുന്നു. അതിൽ ശിലകൾ ഉരുകുകയും അത് ഇടയ്ക്കിടെ പുറത്തേക്ക് പ്രവഹിക്കുകയും ചെയ്യുന്നു. ഇടയ്ക്ക് ഏതെങ്കിലും ഒരു ഭാഗത്ത് ചെറിയ രീതിയിൽ അത് പ്രകമ്പനം കൊള്ളുന്നു. എന്നാലും ജീവികളുടെ ആവാസത്തിന് പ്രതിബന്ധങ്ങളൊന്നുമില്ല. അതിൽ വസിക്കുമ്പോൾ അത് അന്തരീക്ഷത്തിൽ തൂങ്ങിക്കിടക്കുന്ന ഗ്രഹമാണെന്നോ അത് നമ്മെയും കൊണ്ട് അനേകായിരം മൈൽ വേഗത്തിൽ കറങ്ങുകയും ചലിക്കുകയും ചെയ്യുന്നുണ്ടെന്നോ നാമാരും ഓർക്കാറില്ല.

ഭൂമിയുടെ ആകൃതി



ഭൂമിയെ ശയ്യയാക്കിത്തന്നിരിക്കുന്നുവെന്നും തൊട്ടിൽ ആക്കിയിരി ക്കുന്നുവെന്നും ഖുർആൻ വിവരിച്ചത് കാണാം. എന്നാൽ ഇതര ഗോളങ്ങൾക്ക് ഗോളാകൃതി നല്കിയ ഏകദൈവം ഭൂമിക്കും അതേ ആകൃതി തന്നെ യാണ് നല്കിയിട്ടുള്ളത്. ഇക്കാര്യം കൃത്യമായ ഒരു രീതിയിൽ എടുത്തുപറഞ്ഞിട്ടില്ലെന്നു മാത്രം. കാരണം, ഖുർആൻ അത്തരം വിഷയം സമഗ്രമായി കൈകാര്യം ചെയ്യുന്ന ഒരു ശാസ്ത്രപുസ്തകമല്ല എന്ന് നേരത്തെ സൂചിപ്പിച്ചു. ഖുർആൻ പറഞ്ഞു:

*"നിങ്ങൾക്കു വേണ്ടി ഭൂമിയെ മെത്തയാക്കിത്തന്നിരിക്കുന്നു."*

*"ഭൂമിയെ നാം നിങ്ങൾക്ക് വിരിപ്പാക്കിയിരിക്കുന്നു."*

*"ഭൂമിയെ നാം നീട്ടിയിരിക്കുന്നു."*

*"നാം ഭൂമിയെ തൊട്ടിലാക്കിയിരിക്കുന്നു."*

സഹസ്രാബ്ദങ്ങൾക്കു മുമ്പു തന്നെ റോമക്കാരും ഈജിപ്തുകാരും 365 $^1/_4$ ദിവസങ്ങളുള്ള സൗരവർഷം ഗണിച്ചിരുന്നു. ഗലീലിയോ ജനിക്കുന്നതിന് നൂറ്റാണ്ടുകൾ മുമ്പു തന്നെ മുസ്ലിം ശാസ്ത്രജ്ഞർ ഭൂമിയുടെ ഗോളാകൃതിയെപ്പറ്റി എഴുതിയിട്ടുണ്ട്. ആ വിഷയത്തിൽ അറബികളാണ് ഭൂമിശാസ്ത്ര ചരിത്രത്തിന് ഏറെ സംഭാവന നല്കിയവർ. പ്രധാമായും ഭൂമിശാസ്ത്രം, ഭൂഗർഭശാസ്ത്രം എന്നീ ശാസ്ത്രശാഖകളിലാണത് അവ മികച്ചു നിന്നിരുന്നത്.

സൂര്യ-ചന്ദ്രന്മാരെയും രാപ്പകലുകളെയും പറ്റിയുള്ള പ്രതിപാദനശൈലി വ്യക്തമായും ഭൂമിയുടെ ഗോളാകൃതിയെ കുറിക്കുന്നതാണെന്ന കാര്യത്തിൽ മുസ്ലിം പണ്ഡിതന്മാർക്ക് തർക്കമൊന്നുമുണ്ടായിരുന്നില്ല.

ഭൂമിയുടെ കൃത്യമായ ആകൃതിയെ അല്ല അതൊന്നും പ്രകടമാക്കുന്നത്. മനുഷ്യനു വേണ്ടി ഭൂമിയെ എല്ലാ സംവിധാനങ്ങളോടും കൂടി ആവാസകേന്ദ്രമായി സുരക്ഷിതമാക്കിയിരിക്കുന്നു എന്നത് മാത്രമാണ് നമുക്ക് പരിഗണിക്കാനുള്ളത്.

ഭൂമിയെ ഒരു ഗോളമായി കണ്ടുകൊണ്ട് ഖുർആൻ അവതരണത്തിൻെറ ആദ്യ നൂറ്റാണ്ടിൽ തന്നെ നിരീക്ഷണങ്ങൾ നടന്നിട്ടുണ്ട്. *"രാത്രിയെ പകലിനു മീതെ ചുറ്റുന്നു, പകലിനെ രാത്രിയുടെ മീതെയും"* എന്ന ഖുർആൻ വചനം അടിസ്ഥാനമാക്കിയാണ് പരീക്ഷണങ്ങൾ നടത്തുകയും ഭൂമി ഉരുണ്ടതാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തത്. ആ വിഷയത്തിൽ നടന്ന ആദ്യപരീക്ഷണം ഭൂമിയുടെ വലുപ്പം കണക്കാക്കലായിരുന്നു. പാൽമിറാ സമതലത്തിൽ ഖലീഫാ മഅ്മൂൻെറ (എ.ഡി. 750) ഉത്തവ് പ്രകാരം അദ്ദേഹത്തിൻെറ ആസ്ഥാന ഭൂമിശാസ്ത്രജ്ഞന്മാരാണ് അത് ചെയ്തത്. അന്ന് നാല് നിരീക്ഷകർ ചേർന്ന് വ്യത്യസ്തമായ രണ്ട് മേഖലകളിൽ ഒരു ഡിഗ്രിയുടെ ദൈർഘ്യം അളന്നു. ആദ്യം കിട്ടിയ അളവനുസരിച്ച് ഒരു ഡിഗ്രി 57 അറേബ്യൻ നാഴികക്ക് തുല്യമായിരുന്നു. രണ്ടാമത്തെ മേഖലയിൽനിന്ന് കിട്ടിയത് 56.25 നാഴികയും. 4000 മുഴമാണ് ഒരു അറേബ്യൻനാഴിക. അന്തിമവിശകലനത്തിൽ രണ്ടു അളവുകളുടെയും ശരാശരി 56 $^2/_3$ നാഴിക ഒരു ഡിഗ്രിയുടെ ദൈർഘ്യമായി അംഗീകരിക്കപ്പെട്ടു. അതിലൂടെ ഭൂമിയുടെ ചുറ്റളവ് 20400 നാഴികയായും വ്യാസം 6500 നാഴികയായും ഗണിക്കപ്പെട്ടു. അവർ തന്നെയാണ് അക്ഷാംശ-രേഖാംശങ്ങളുടെ നിർണയം നടത്തിയതും. ഭൂശാസ്ത്ര രംഗത്ത് ഇത് വലിയ സംഭാവനയായിരുന്നു.

## ഭൂമി ഒരു മെത്ത

ഖുർആൻ പറഞ്ഞു: *"ഭൂമിയെ നിങ്ങൾക്ക് മെത്തയാക്കിത്തന്നിരിക്കുന്നു."* (2: 22). ഈ പരാമർശത്തെ ബാഹ്യാർഥത്തിൽ കാണാതെ ആധുനികശാസ്ത്ര നിഗമനങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുകയാണ് വേണ്ടത്.

സൗരയൂഥത്തിൽ ഭൂമിക്ക് മാത്രമുള്ള സംവിധാനമാണിത്. കാരണം, ഭൂമിയിൽ ജീവിതം നയിക്കാൻ ഏകദൈവം പ്രത്യേകം തിരഞ്ഞെടുത്ത മനുഷ്യരാണല്ലോ ഇവിടെയുള്ളത്. ആ നിലക്ക് ഭൂമിക്ക് മറ്റു ഗ്രഹങ്ങളെക്കാൾ സുരക്ഷ ഏർപ്പെടുത്തൽ ആവശ്യമാണ്. ഈ

സംരക്ഷണത്താലാണ് മാരകമായ രശ്മികൾ ഏല്ക്കാതെയും ഓക്സിജൻ, കാർബൺ ഡൈഓക്സൈഡ് എന്നിവക്ക് മറ്റു സംവിധാനങ്ങൾ ഉണ്ടാക്കാതെയും ഭാരസന്തുലനം നിലനിർത്തിക്കൊണ്ടും നിയന്ത്രിതമായ ഊഷ്മാവിൽ മനുഷ്യർ ഈ ഭൂമിയിൽ വിശ്രമിക്കുന്നത്. ഭൂമി ജീവജാലങ്ങൾക്ക് വിശ്രമഗേഹമായും വീടായും സംവിധാനക്കപ്പെട്ടപ്പോൾ എത്രമാത്രം കണിശമായ പരിസ്ഥിതിസംരക്ഷണം ഏകദൈവം നിലനിർത്തിയിട്ടുണ്ടെന്ന് നാം പഠിക്കണം. നേരത്തെ പറഞ്ഞ കാര്യം തന്നെ ഒന്നുംകൂടി ഇവിടെ ചേർത്തു വായിക്കുക. അതായത്, ഭൂമി എങ്ങനെയൊക്കെ ചെരിഞ്ഞാലും ഭ്രമണം നടത്തിയാലും എത്ര തന്നെ വേഗതയിൽ കറങ്ങിയാലും നമുമ്മ് അതൊട്ടും പ്രശ്നമാകുന്നില്ല. അത് അന്തരീക്ഷത്തിൽ തൂങ്ങിക്കിടക്കുന്ന ഗ്രഹമാണെന്നോ അത് നമ്മെയും കൊണ്ട് അനേകായിരം മൈൽ വേഗത്തിൽ കറങ്ങുകയും ചലിക്കുകയും ചെയ്യുന്നുണ്ടെന്നോ നാമാരും ഓർക്കാറില്ല. നമുക്കത് ഏറെ സൗകര്യപ്രദമായ വിശ്രമഗേഹമാണ്. ഇതുതന്നെയാണ് ഭൂമിയെ നിങ്ങൾക്ക് ഒരു മെത്തയാക്കിത്തന്നിരിക്കുന്നു എന്ന വചനത്തിൻെറ പൊരുൾ.

## വിസ്മയകരമായ ദൈവികദൃഷ്ടാന്തം

മനുഷ്യചിന്തക്കു മുമ്പിൽ അത്ഭുതകരമായ ദൈവികദൃഷ്ടാന്തങ്ങളാണ് ഈ സംവിധാനം വഴി പ്രപഞ്ചസ്രഷ്ടാവ് ചെയ്തിരിക്കുന്നത്. ഭൂമി മറ്റു ഗ്രഹങ്ങളെപ്പോലെ അന്തരീക്ഷത്തിൽ തങ്ങിനില്ക്കുകയാണ്. അതിന്മേലാകട്ടെ വലിയ പർവതങ്ങൾ ഉയർന്നു നില്ക്കുന്നു. അതിൽനിന്ന് വൻനദികൾ ഉറകൊണ്ട് ഒഴുകിക്കൊണ്ടിരിക്കുന്നു. ഭൂമിയുടെ വ്യത്യസ്ത മേഖലകളിൽ വിവിധ തരം സസ്യങ്ങളും വൃക്ഷങ്ങളും ഒരേ ജലത്തിൽനിന്ന് മുളപൊട്ടി പടരുന്നു. അങ്ങേയറ്റം വ്യവസ്ഥാപിതമായ രീതിയിൽ ദിനരാത്രങ്ങൾ മാറി മാറി വരുന്നു. ആകാശലോകത്തെ മറ്റു ഗ്രഹങ്ങളുമായി ഭൂമി പലവിധത്തിലും സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുന്നു. കണക്കറ്റ ജീവജാലങ്ങൾ അതിൻെറ വിവിധ മേഖലകളിൽ ജീവിച്ചുകൊണ്ടിരിക്കുന്നു. ഇവയെല്ലാം ചേർന്ന് പരസ്പരം സഹകാരിതയോടെ ജീവിക്കുകയും ഭൂമിയുടെ സംതുലനം സാധ്യമാക്കുകയും ചെയ്യുന്നത് ചിന്തിക്കുന്ന ആരിലും ദൈവികദൃഷ്ടാന്തങ്ങളുടെ മഹത്വം ബോധ്യപ്പെടുത്തുന്നതാണ്.

## സൃഷ്ടിപ്പ്




അടുക്കുകളായുള്ള ഭൂമിയുടെ നിർമാണരീതി

വ്യത്യസ്ത ഫലക(**Plate**)ങ്ങളായിട്ടാണ് ഭൂമി സംവിധാനിക്കപ്പെട്ടത്. അവ പരസ്പരം ചേർന്നാണ് നിലകൊള്ളുന്നു. എന്നാൽ ആകൃതിയിലും പ്രകൃതിയിലും വർണത്തിലും പദാർഥഘടനയിലും ഖനിജങ്ങളുടെ സംഭരണത്തിലും സവിശേഷതകളിലുമൊക്കെ അവ തികച്ചും വ്യത്യസ്തമാണ്. ഈ ഫലകങ്ങൾ ഒരിക്കലും ഇളകിപ്പോകാതെ സുരക്ഷിതമായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അഥവാ, അവയുടെ നേരിയ രീതിയിലുള്ള ചലനങ്ങൾ പോലും ഭൂമിയിൽ കനത്ത നാശനഷ്ടങ്ങൾ വരുത്തിവെക്കും. എന്നാൽ നിർജീവ വസ്തുക്കൾ മുതൽ വൻപർവതങ്ങൾ വരെയുള്ളവക്ക് വൻസുരക്ഷയാണ് ഈ പ്രപഞ്ചഘടനയിൽ ഏകദൈവം സംവിധാനിച്ചത്.

ഈ ഫലകങ്ങളെ ശാസ്ത്രം ചെറുതും വലുതുമായി വിഭജിച്ചിട്ടുണ്ട്. വലിയ ഫലകങ്ങളെ പസഫിക്, വടക്കെ അമേരിക്ക, യൂറോ-ഏഷ്യൻ, അൻറാർട്ടിക്, ഇന്തോ-ആസ്റേടലിയ, ആഫ്രിക്കൻ ഫലകങ്ങൾ എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. ചെറിയവ കൊക്കോസ്, നാസ്ക, ഫിലിപ്പിൻ, കരീബിയൻ ഫലകങ്ങൾ എന്നിങ്ങനെയും വിഭജി

ച്ചിരിക്കുന്നു. അതിൽ കൊക്കോസ് ഫലകത്തിന് 2000 കി.മി. ദൈർഘ്യമുണ്ട്. പസഫിക് ഫലകത്തിന് 14000 കി.മി ദൈർഘ്യവുമുണ്ട്.

## പഠനം

ഭൂമിയെ സംബന്ധിച്ച പഠനം ഇന്ന് ഒട്ടേറെ ശാസ്ത്രശാഖകളിലൂടെ വികസിച്ചു കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച്, ബയോജ്യോഗ്രഫി, ക്ലൈമറ്റോളജി, ജിയോളജി, ജിയോഫിസിക്സ്, ഹൈഡ്രോളജി, മെറ്റീരിയോളജി, ഓഷ്യാനോഗ്രഫി, സുവോ ജ്യോഗ്രഫി എന്നിവ ഇന്ന് മനുഷ്യരെ ഏറെ സഹായിച്ചുകൊണ്ടിരിക്കുന്നു. 18, 19 നൂറ്റാണ്ടുകളിലാണ് ഭൂമിയെ സംബന്ധിച്ച പഠനം കാര്യക്ഷമമായി തുടങ്ങിയതെങ്കിലും 20-ാം നൂറ്റാണ്ടിൻെറ മധ്യത്തിലാണ് ഇത്രയും ശാസ്ത്രീയമായ പഠനം ആരംഭിച്ചത്.

## അന്തർഭാഗം



ഭൂമിയുടെ അന്തർഭാഗം

ഭൂമിയുടെ ഏതാനും മൈലുകൾ അടിയിലേക്കെത്താൻ മാത്രമേ മനുഷ്യന് സാധിച്ചിട്ടുള്ളൂ. അടിയിലേക്ക് എത്തും തോറും അതിൻെറ ഊഷ്മാവ് കൂടിക്കൊണ്ടിരിക്കും. ഉപരിതലത്തിൽനിന്ന് ഏകദേശം 40-ഓളം കി.മി. കടുത്തതും തണുത്തതുമായ പുറംതോടാണുള്ളത്. സമുദ്ര നിരപ്പിനെ ക്കാളും താഴെയാണിത് അതിനപ്പുറത്തായി ഏറ്റവും കട്ടികൂടിയ മാൻറിൽ കാണപ്പെടുന്നു.

ഏറെ ഉഷ്ണാവസ്ഥയിലാണിതുള്ളത്. അതിനപ്പുറത്ത് ദ്രവരൂപത്തിലുള്ള ഘടകങ്ങളാണ്. ഉരുകിയ ഇരുമ്പും നിക്കലുമാണ് അതിൻെറ അംശങ്ങൾ. അന്തരീക്ഷമർദ്ദത്തെക്കാൾ 20 ലക്ഷം മടങ്ങ് മർദ്ദമുണ്ട് ഇവക്ക്. അതിന് പിന്നിലായി ഖരാവസ്ഥയിലുള്ള പദാർഥങ്ങളാണ്. ഏകദേശം 1251 കി.മി വ്യാസമുണ്ടതിന്.

ഈ പരാമർശങ്ങൾ കൊണ്ട് മനസ്സിലാക്കേണ്ടത് വിവിധ ഘടനകളാലും ഖരപദാർഥങ്ങളാലും സൃഷ്ടിക്കപ്പെട്ട ഭൂമി, അന്തരീക്ഷത്തിലെ കറക്കത്തിലും ഓട്ടത്തിലും ആകർഷണശക്തിയിലും അകപ്പെട്ട് പെട്ടെന്ന് പൊട്ടിത്തകർന്നു പോകരുതെന്ന് ഏക ദൈവം ആസൂത്രണം ചെയ്തു നിർമിച്ചു മനുഷ്യന് കീഴ്പ്പെടുത്തിത്തന്നിരിക്കുന്നുവെന്നാണ്.

ഭൂമിയുടെ മേൽത്തട്ടിനോട് ചേർന്ന് മനുഷ്യനും ജന്തുക്കൾക്കും സസ്യങ്ങൾക്കും ആവശ്യമായ അനേകം ധാതുപദാർഥങ്ങളും രാസപദാർഥങ്ങളും നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. അത്തരം പദാർഥങ്ങളില്ലാത്ത സ്ഥലങ്ങൾ ജീവികൾക്ക് വാസയോഗ്യമാവുകയില്ല.

## ആകർഷണ ശക്തി



ഭൂമിയുടെ കർഷണശക്തി
യുടെ രീതി ചിത്രീകരിച്ച വിധം

ഭൂമിയിൽ ജീവൻ നിലനില്ക്കുന്നതിനാവശ്യമായ ഘടകങ്ങളാകുന്നു ജലം, വായു, മറ്റു ധാതുലവണങ്ങൾ. ഇവയും ചന്ദ്രൻ, സൂര്യൻ എന്നിവകളിൽനിന്നുള്ള മറ്റു പദാർഥങ്ങളും സഹകരിച്ചെങ്കിൽ മാത്രമേ ഭൂമിയിൽ ജീവൻ നിലനില്ക്കുകയുള്ളൂ. അവ പരസ്പരം സംയോജിപ്പിക്കുന്നതിനു വേണ്ടി ഭൂഗോളത്തിന് സ്രഷ്ടാവ് ശക്തമായ ആകർഷണ ശക്തി നല്കിയിരിക്കുന്നു. ഇത് അല്പം കുറഞ്ഞുപോയാൽ വായുവിനെയും വെള്ളത്തെയും പിടിച്ചുനിർത്താൻ സാധിക്കാതെ വരും. അതോടെ താപം വർധിക്കുകയും ഭൂമിയിൽ ജീവിക്കാനാകാതെ വരികയും ചെയ്യും. ആകർഷണശക്തി കൂടുന്ന

അവസ്ഥയിൽ വായുവിൻെറ സാന്ദ്രതയും സമ്മർദ്ദവും വർധിക്കും. തന്മൂലം നീരാവിക്ക് മേല്പോട്ടുള്ള ഗമനം സാധിക്കാതെ വരും. മഴ ഇല്ലാതാകും. അതോടെ ഭൂമി ജീവികൾക്ക് വാസയോഗ്യമല്ലാതായി മാറും. അതോടൊപ്പം ഭൂമിയിലുള്ള വസ്തുക്കളുടെ ഭാരം വർധിക്കുകയും അതിൻെറ ചലനപ്രക്രിയയെ തടസ്സപ്പെടുത്തുകയും ചെയ്യും.

ഭൂമിയുടെ ആകർഷണ നഷ്ടമാവുകയോ അതിന് ഇപ്പോഴത്തേതിൽനിന്ന് വ്യത്യസ്തമായ തോതിൽ അത് നല്കപ്പെടുകയോ ചെയ്തിരുന്നെങ്കിൽ അത് മറ്റുള്ള ഗ്രഹങ്ങളുമായി കൂട്ടിയിടിച്ചു അതിലെ ജീവജാലങ്ങളോടൊപ്പം നശിക്കുമായിരുന്നു. അങ്ങനെ സംഭവിക്കാത്ത വിധം വളരെ ശക്തമായ ആകർഷണശക്തിയും അതിനനുസരിച്ച ഘനവുമാണ് ഏകദൈവം ഭൂമിക്ക് നല്കിയിട്ടുള്ളത്.

ഭൂമിയെപ്പോലെ തന്നെ പല ഗോളങ്ങളും ഈ അന്തരീക്ഷത്തിൽ ഭൂമിക്കടുത്തായും അകലെയായും സ്ഥിതി ചെയ്യുന്നുണ്ട്. അവയുടെയൊക്കെ പ്രകൃതി ഒന്നിനൊന്ന് വ്യത്യസ്തമാണ്. ചിലത് തണുത്തുറഞ്ഞത്, ചിലത് ചുട്ടുപഴുത്തത്. അതോടൊപ്പം എല്ലാ ഗ്രഹങ്ങൾക്കും ഒരേ മാനദണ്ഡമനുസരിച്ച ആകർഷണശക്തിയല്ല നല്കിയിരിക്കുന്നത്. തൂക്കം കൂടുംതോറും ഗുരുത്വാകർഷണവും കൂടും. കൂടുതൽ ആകർഷണശക്തിയുള്ള ഗ്രഹങ്ങൾക്ക് കൂടുതൽ ഭാരമുള്ള വസ്തുക്കളെ സ്പേസിലേക്ക് പറന്നുപോകാതെ സൂക്ഷിക്കാൻ സാധിക്കും. ഏറ്റവും കൂടുതൽ ഭാരമുള്ളത് സൂര്യനാണ്. അതിനാൽ സൂര്യൻ തന്നെയാണ് പ്രധാനമായും ഗ്രഹങ്ങളെ മറ്റുള്ളവയുമായി കൂട്ടിമുട്ടാതെ അതത് ഭ്രമണപഥങ്ങളിൽതന്നെ പിടിച്ചുനിർത്തുന്ന പ്രധാനകേന്ദ്രം. ഖുർആൻ പറഞ്ഞു:

*"തീർച്ചയായും ആകാശഭൂമികളെ അല്ലാഹു വഴുതിപ്പോകാതെ പിടിച്ചുനിർത്തുന്നു. അവ വഴുതിപ്പോകുന്ന പക്ഷം അവയെ പിടിച്ചുനിർത്താൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല തന്നെ. നിശ്ചയം അവൻ ഏറെ പൊറുത്തുകൊടുക്കുന്നവനും ക്ഷമാശീലനുമാകുന്നു."* (ഫാത്വിർ: 41)

### താപം

ഭൂമിയിലെ താപനില ജീവികളുടെ നിലനില്പിനാവശ്യമായ തോതിലാണ് സംവിധാനിച്ചിരിക്കുന്നത്. ഇത് ഭൂമിക്ക് മാത്രമുള്ള അനുഗ്രഹമാകുന്നു. അന്യഗ്രഹങ്ങളിൽനിന്ന് വ്യത്യസ്തമായി ഭൂമിയുടെ ഉപരിതലത്തിന് സംതുലിതമായ ഊഷ്മാവാണ് നല്കപ്പെട്ടിട്ടുള്ളത്. അന്തരീക്ഷത്തിലെയും ഭൂഗർഭത്തിലെയും പ്രത്യേക സാഹചര്യമാണ് ഇതിന് സഹായകമായി വർത്തിക്കുന്നത്. തണുത്തുറയുകയോ ചുട്ടെരിയുകയോ ചെയ്യാത്ത സുഖദായകമായ അവസ്ഥയാണതിനുള്ളത്. രാത്രികാലങ്ങളിൽ ചന്ദ്രോപരിതലത്തിലെ താപം ഗണ്യമായി കുറയുമ്പോൾ ഭൂമിയിൽ അങ്ങനെ സംഭവിക്കുന്നില്ല. ഭൂഗർഭതാപം ഭൂമിയുടെ ഉപരിതലത്തിലേക്ക് നേരിയതോതിൽ സംക്രമിച്ചു സംതുലനം പാലിക്കുന്നതാണ് അതിന് കാരണം. പകൽവേളയിൽ അന്തരീക്ഷപാളികൾ സൂര്യരശ്മികളെ അരിച്ചെടുത്ത് ശുദ്ധീകരിക്കുകയും മെരുക്കിയെടുക്കുകയും പാകപ്പെടുത്തുകയും ചെയ്യുന്നു.

## നാല് ചോദ്യങ്ങൾ

ഖുർആൻ മനുഷ്യരോട് മൂന്ന് ചോദ്യങ്ങൾ ചോദിക്കുന്നതായി കാണാം. ഏകദൈവത്തിൻെറ കഴിവിനെ അംഗീകരിക്കുവാനുള്ള ആഹ്വാനമാണത് ഉൾക്കൊള്ളുന്നത്. ഖുർആൻ 56-ാം അധ്യായത്തിൽ ആ ചോദ്യങ്ങൾ കാണാനാകും. അവയിങ്ങനെ:

1. *നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളാണോ അത് സൃഷ്ടിച്ചുണ്ടാക്കുന്നത്, അതല്ല നാമാണോ സൃഷ്ടികർത്താവ്?*
2. *നിങ്ങൾ കൃഷിചെയ്യുന്നതിനെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളാണോ അത് മുളപ്പിക്കുന്നവൻ, അതല്ല, നാമാണോ അത് മുളപ്പിക്കുന്നവൻ?*

3. *നിങ്ങൾ കുടിക്കുന്ന ജലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽനിന്ന് ഇറക്കുന്നവൻ, അതല്ല, നാമാണോ ഇറക്കിയവൻ?*
4. *നിങ്ങൾ ഉരസിക്കത്തിക്കുന്ന തീയെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളാണോ അതിൻെറ മരം സൃഷ്ടിച്ചുണ്ടാക്കിയത്? അതല്ല, നാമാണോ സൃഷ്ടിച്ചുണ്ടാക്കിയത്?*

ഉത്തരം കണ്ടെത്തേണ്ടത് നാം സ്വയം തന്നെയാണ്. അതിനാണല്ലോ ഏകദൈവം ബുദ്ധിയും ചിന്താശേഷിയും തന്നത്. അതിലൂടെ നാം ഏകദൈവത്തെ കണ്ടെത്തുക തന്നെ വേണം.

നാം അധിവസിക്കുന്ന ഭൂമിയെപ്പറ്റി നാം ചിന്തിക്കുക. ആ ചിന്ത വിവേകമുള്ള മനസ്സും ബുദ്ധിയും നമുക്ക് പ്രദാനം ചെയ്യും. ഈ ഭൂമി ഇണക്കമുള്ള ഒരു ജീവിയപ്പോലെയാണ്. അതിനാലാണ് ഏകദൈവം "ഭൂമിയെ നിങ്ങൾക്ക് ഇണക്കിത്തിരിക്കുന്നു" എന്ന് അരുളിയത്. അതിൽ പലതരം സാധനങ്ങളും മനുഷ്യൻെറ ആവശ്യങ്ങൾക്കായി ദൈവം സംവിധാനിച്ചിട്ടുണ്ട്. *"അളവ് നിർണയിക്കപ്പെട്ട എല്ലാ വസ്തുക്കളും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു."* (ഹിജ്ർ 19). ഭൂമിക്ക് ഭാരമാകാതെ, അതിൻെറ സംതുലനം നഷ്ടപ്പെടാത്ത രീതിയിൽ ഒന്നിനും അപകടവും നഷ്ടവും വരാത്ത രീതിയിൽ എന്നാണ് "അളവ് നിർണയിക്കപ്പെട്ട" എന്ന പദം കൊണ്ട് അർഥമാക്കുന്നത്. അതോടൊപ്പം മനുഷ്യബുദ്ധി ഇനിയും കണ്ടെത്തിയിട്ടില്ലാത്ത പല അത്ഭുതങ്ങളും അതിൽ ഇനിയും ഉണ്ടായേക്കാം.

## ഭൂമിയുടെ അന്തരീക്ഷം



അന്തരീക്ഷ തട്ടുകൾ

ഭൂമിയുടെ അന്തരീക്ഷം പലതരം മൂലകങ്ങളും വാതകങ്ങളും നിറഞ്ഞ ഏറെ വിസ്തൃതമായ മേഖലയാകുന്നു. പ്രധാനമായും നൈട്രജൻ, കാർബൺഡൈ ഓക്സൈഡ്, ആർഗോൺ, നിയോൺ, ഹീലിയം, ക്രിപ്ടോൺ, ഹൈഡ്രജൻ, നൈട്രേറ്റ് ഓക്സൈഡ്, മിതെയിൻ എന്നിവയാണ് അതിലെ ഘട്ടകങ്ങൾ. ഭൂമിയുടെ അന്തരീക്ഷത്തിൽ 99 ശതമാനവും നൈട്രജനും ഓക്സിജനുമാകുന്നു.

അന്തരീക്ഷത്തെ പല തട്ടുകളായാണ് ഏകദൈവം സംവിധാനിച്ചിട്ടുള്ളത്. അതിൻെറ യുക്തി ഏകദൈവത്തിനാണ് കൂടുതൽ അറിയുക.

ഭൂമിയോട് തൊട്ടുകിടക്കുന്ന തട്ടിന് ട്രോപോസ്ഫിയർ എന്നു പറയുന്നു. സമുദ്രനിരപ്പിൽനിന്ന് ഏകദേശം 12 കി.മി. വരെ ഉയരത്തിൽ അത് സ്ഥിതി ചെയ്യുന്നു. അന്തരീക്ഷവായുവിൻെറ ഏറിയ ഭാഗവും ഇവിടെയാണുള്ളത്. കാലാവസ്ഥാ നിർണയവുമായി ബന്ധപ്പെട്ടതിനാൽ ഭൂമിക്കും അതിലെ ജീവജാലങ്ങൾക്കും ഏറെ പ്രധാനപ്പെട്ട മേഖലയാണിത്.

അതിനു മുകളിൽ സ്ട്രാറ്റോസ്ഫിയർ മേഖലയാകുന്നു. 51 കി.മി. ഉയരത്തിലാണത് സ്ഥിതി ചെയ്യുന്നത്. കൊടും തണുപ്പും ശൂന്യവും നിശ്ചലവുമാണവിടെ. അതിനു ഉപരിഭാഗത്ത് കൊടുംതാപമാണുള്ളത്. അൾട്രാവയലറ്റ് രശ്മികളാണതിന് കാരണം. എന്നാൽ ഓസോൺ ഉള്ളതിനാൽ അവ വർധിച്ച തോതിൽ ഭൂമിയിലേക്ക് എത്തുന്നില്ല. അതിനു മുകളിലാണ് ക്രോമോസ്ഫിയർ മേഖല. നിശ്ശബ്ദമായ ഈ ഏരിയ നേർത്ത വായു നിറഞ്ഞതും കറുപ്പുമാകുന്നു.



ഓസോൺപാളിയും അതിൽ സംഭവിച്ച വിള്ളലും

അതിനു മുകളിൽ അയണോസ്ഫിയർ മേഖലയാകുന്നു. ഏകദേശം 400-500 കി.മി. ഉയരമുണ്ട് ഈ തട്ടിന്. സ്പേസിൽ നിന്ന് ഭൂമിയുടെ അന്തരീക്ഷത്തെ വേർതിരിക്കുന്നത് ഈ മേഖലയാകുന്നു. വളരെ വിശാലമായ സ്ഥലമാണെങ്കിലും വളരെ കുറഞ്ഞ വായു മാത്രമേ ഇവിടെയുള്ളൂ.

ശക്തമായ ഒരു അരിപ്പയാകുന്നു ക്രോമോസ്ഫിയർ തട്ട്. സൂര്യനിൽനിന്നുള്ള അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിലേക്ക് നേരിട്ട് പ്രവഹിക്കാതെ അരിക്കുകയും ഭൂവാസികൾക്ക് ആവശ്യമായ വിഭവങ്ങൾ മാത്രം അവിടേക്ക് കടത്തിവിടുകയും ചെയ്യുകയത്രെ ഈ തട്ടിൻെറ ധർമം.

ശകത്മായ കവചം കൂടിയാണിത്. സ്പേസിൽനിന്ന് ഭൂമിയിലേക്കു വരുന്ന ഉൽക്കവർഷത്തെ തടുത്തുനിർത്തുന്നത് ഈ കവചമാകുന്നു. അതിൻെറ അഭാവത്തിൽ സെക്കൻെറിൽ മുപ്പത് കി.മി. വേഗത്തിൽ ഭൂമിക്ക് നേരെ പാഞ്ഞുവരുന്ന ഉൽക്കകൾ ഭൂമിയെ തകർത്തുതരിപ്പണമാക്കുക തന്നെ ചെയ്യും. ദിനം പ്രതി കോടിക്കണക്കിന് ചെറുതും വലുതുമായ കൊള്ളിമീനുകൾ ഭൂമിക്കുനേരെ ചീറിവരുന്നുണ്ട്. അതിൽ പലതും ഭൗമാന്തരീക്ഷത്തിലേക്ക് പ്രവേശിക്കുന്നുണ്ട്. ഭൗമാന്തരീക്ഷത്തിൽ സെക്കൻെറിൽ 26-50 മൈൽ വേഗതയിലാണ് ഇവയുടെ സഞ്ചാരം. 1833-ൽ വടക്കെ അമേരിക്കയിൽ ഇത്തരത്തിലുള്ള ഉൽക്കകൾ വർഷിക്കുകയുണ്ടായി.

ഈ തട്ടിനു മുകളിലായി മാഗ്നോസ്ഫിയർ സ്ഥിതി ചെയ്യുന്നു. വളരെ വലിയ മണ്ഡലമാണിത്. 64,000 കി.മി. വരെ ഉയരമുണ്ട് അതിന്. ശ്വസിക്കാനാകാത്ത വിധം വളരെ നേർത്തതാണ് ഇവിടത്തെ വായു.

അറിയപ്പെടാത്ത എത്രയോ വിജ്ഞാനീയങ്ങൾ ഭൂമിയുമായി ബന്ധപ്പെട്ട് ഈ പ്രപഞ്ചഘടനയിൽ ഉണ്ടാകാം. എല്ലാം ഒരു ക്രമത്തിൽ മനസ്സിലക്കുക നമുക്ക് സാധ്യമല്ല. എന്നുകരുതി കണ്ണും മനസ്സും മൂടിക്കെട്ടി ഇതിലെ വിഭവങ്ങൾ അനുഭവിച്ചുജീവിച്ചാൽ മാത്രം പോരാ, അതിൻെറ സ്രഷ്ടാവായ ഏകദൈവത്തെ കണ്ടെത്താനും നാം ശ്രമിക്കണം.